# ദൈവത്തിന്റെ ദയക്കുവേണ്ടി നിലവിളിക്കാം

## ഹബക്കൂക് 1:2–4

"യഹോവേ, എത്രത്തോളം ഞാൻ അയ്യം വിളിക്കയും നീ കേൾക്കാതിരിക്കയും ചെയ്യും? സാഹസംനിമിത്തം ഞാൻ എത്രത്തോളം നിന്നോടു നിലവിളിക്കയും നീ രക്ഷിക്കാതിരിക്കയും ചെയ്യും? നീ എന്നെ നീതികേടു കാണുമാറാക്കുന്നതും പീഡനം വെറുതെ നോക്കുന്നതും എന്തിനു? കവർച്ചയും സാഹസവും എന്റെ മുമ്പിൽ ഉണ്ടു; കലഹം നടക്കുന്നു; ശണ്ഠ ഉളവായി വരും. അതുകൊണ്ടു ന്യായപ്രമാണം അയഞ്ഞിരിക്കുന്നു; ന്യായം ഒരുനാളും വെളിപ്പെട്ടുവരുന്നതുമില്ല; ദുഷ്ടൻ നീതിമാനെ വളഞ്ഞിരിക്കുന്നു; അതുകൊണ്ടു ന്യായം വക്രതയായി വെളിപ്പെട്ടുവരുന്നു."

യഹൂദാജനത്തിന്റെ പാപത്തിന്റെ പരിണിത ഫലമായി, കല്ദയരുടെ ആക്രമണം ആസന്നമായിരിക്കുന്നു എന്ന് ഹബക്കുക് പ്രവാചകൻ (ഹബക്കൂക് 1:6) പ്രവചിക്കുന്നു. താൻ തീഷ്ണതയോടെ പ്രസംഗിക്കുകയും, ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ചെയ്തിട്ടും, യഹൂദാജനത്തിന് ഒരു മാനസാന്തരവും ഉണ്ടായില്ല. ആത്മീകമായും ധാർമ്മീകമായും അവർ അധഃപതിച്ചു കഴിഞ്ഞു. ഈ ശോചനീയാവസ്ഥ കണ്ട പ്രവാചകൻ ദൈവത്തോട് വളരെ ഹൃദയവേദനയോട് ചോദിക്കുന്നതാണ് പ്രസ്തുത വാക്യം.

ദുഷ്ടത, വക്രത, നീതികേട്, സാഹസം, ശണ്ഠ, ന്യായപ്രമാണലംഘനം എന്നിങ്ങനെ പല തെറ്റുകൾ യഹൂദാജനത്തെക്കുറിച്ച് പ്രവാചകൻ പ്രതിപാദിക്കുന്നു. ഇവയുടെ മദ്ധ്യത്തിൽ നിന്ന് ദൈവത്തോട് ചോദിക്കുന്നു, 'ദുഷ്ടതെയെ ശിക്ഷിക്കാതെ എത്രത്തോളം മൗനമായിരിക്കും' എന്ന്. ദൈവത്തിന്റെ നീതിയിലും വിശുദ്ധിയിലും ഹബക്കുക്കിന് തീക്ഷണമായ വിശ്വാസമുണ്ടായിരുന്നു.

ഇന്ന് നമ്മുടെ ചുറ്റും നോക്കുമ്പോൾ, ഹബക്കുക് കണ്ട യഹൂദയുടെ നാശത്തിന് സമസ്വഭാവമുള്ള പലതും ലോകത്തിൽ കാണുന്നു. സ്വാഭാവികമായും, വിശ്വാസികൾ ഹബക്കുക്കിനെപ്പോലെ ദൈവത്തോട് ചോദ്യങ്ങൾ ഉന്നയിക്കുന്നു. ദൈവം നമ്മെ അനർത്ഥങ്ങൾ കാണുമാറാക്കുന്നത് എന്തിനാണ്? തന്റെ ജീവിതത്തിലെ ചില പ്രയാസ ഘട്ടങ്ങളിൽ ഉത്തരം കിട്ടാതെ വലയുമ്പോൾ, നാം ദൈവത്തോട് ഈ ചോദ്യം ചോദിക്കാറുണ്ട്. ദൈവമേ, നീ മൗനമായിരിക്കുന്നതെന്ത്? എന്റെ നിലവിളി കേൾക്കുന്നില്ലേ എന്ന്? എന്നാൽ ദൈവം അനുവദിക്കുന്ന ശോധനകൾ, നന്മയ്ക്കായിട്ട് ദൈവം മാറ്റുന്നു. നമ്മെ കൂടുതൽ താഴ്മയുള്ളവരാക്കി മാറ്റുവാൻ സഹായിക്കുന്നു.

പ്രതികൂലങ്ങൾ വരുമ്പോൾ നാം ദൈവസന്നിധിയിൽ കൂടുതൽ താഴ്മയുള്ളവരായി മാറുന്നു. രക്ഷയുടെ സന്തോഷവും മൂല്യവും ജീവിതത്തിൽ കൂടുതൽ രുചിച്ചറിയുവാൻ സാധിക്കുന്നു.

അതുപോലെതന്നെ മറ്റുള്ളവരുടെ ജീവിതത്തിലെ തകർച്ച, പാപങ്ങൾ, പ്രതികൂലം, സഹനം ഒക്കെ കാണുമ്പോൾ നാം മനസ്സിലോർക്കേണ്ടത് – ദൈവം നമ്മെ മറ്റുള്ളവരുടെ രക്ഷയ്ക്കായി ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നു. അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും, ഉപവസിക്കുവാനും ഉള്ള ഒരു നിയോഗം നമ്മിൽ ആക്കിയിരിക്കുന്നു. പാപികളെ രക്ഷിക്കുന്ന ദൈവത്തിന്റെ കൃപയും സ്നേഹവും രുചിച്ചറിയുവാൻ സാധിക്കുന്നു.

ഹബക്കുക്കിനെപ്പോലെ നമ്മുടെ ചോദ്യങ്ങളും, കരച്ചിലുകളും ദൈവസന്നിധിയിലേക്ക് കൊടുക്കാം. സത്യസന്ധമായി നമ്മുടെ ഹൃദയങ്ങളെ ദൈവസന്നിധിയിൽ പകരാം.

നാം പലപ്പോഴും ദൈവത്തോട് പരിഭവം പറയാൻ പേടിക്കുന്നവരാണ്. എന്നാൽ തന്റെ ഭക്തന്മാരുടെ നിലവിളിയ്ക്ക് ദൈവം ചെവി തുറന്നിരിക്കുന്നു. തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കുന്നു. (1 യോഹാൻ 4:18)

മത്തായി 26:36-39 ൽ നാം യേശുക്രിസ്തു തന്റെ ഹൃദയവ്യഥ ദൈവസന്നിധിയിൽ പകരുന്നതായി കാണുന്നു. താൻ കഴിച്ച അപേക്ഷയ്ക്ക് മറുപടി ലഭിച്ചതായും നാം കാണുന്നു (എബ്രായർ 5:7) ഹൃദയത്തിൽ മുഴുവൻ ചോദ്യങ്ങൾ നിറഞ്ഞുനിന്ന ഹബക്കുക്കിനും, താൻ വിളിക്കുന്ന ദൈവത്തിലുള്ള അഗാധമായ വിശ്വാസമാണ് ഹബക്കൂക് 3:18 ൽ നാം കാണുന്നത്. വിശ്വാസത്തിൽ നിന്ന് പുറപ്പെടുന്ന ഒരു പ്രഖ്യാപനവും നാം 3:19 ൽ കാണുന്നു. 'യഹോവയായ കർത്താവ് എന്റെ ബലമാകുന്നു.'

അതുകൊണ്ട് നമുക്കും വിശ്വാസത്തോടെ ദൈവത്തിങ്കലേക്ക്, നിലവിളിയോട് കടന്നു ചെല്ലാം. വ്യക്തിപരമായ ജീവിതങ്ങളിലും, സമൂഹത്തിലും പല അനീതികളും, അനർത്ഥങ്ങളും, സഹനങ്ങളും കടന്നുവരുമ്പോൾ, വിശ്വാസത്തോടെ നമ്മുടെ ഹൃദയവ്യഥ ദൈവത്തിന്റെ സന്നിധിയിലേക്ക് തുറന്നു കാട്ടുക. ദൈവം തന്റെ തക്കസമയത്ത് അതിന് പരിഹാരം കണ്ടിട്ടുണ്ട്. ശോധനകളുടെ നടുവിലും വിശ്വാസത്തോടെ നിലനിൽക്കുവാനുള്ള പരിശുദ്ധാത്മാവിന്റെ കൃപയ്ക്കായി പ്രാർത്ഥിക്കുകയും സമർപ്പിക്കുകയും ചെയ്യാം.

പരാമർശം:
റോമർ 8:28
എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു..

സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 031